പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 4182

17.05.2017 -ലെ
മറുപടിക്ക്

കേന്ദ്ര പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉണ്ണി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനായിട്ടും, പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന എന്നുറപ്പുവരുത്തുന്നതിനമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതി അവലോകനം എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ നടത്താറുണ്ട്. പദ്ധതിവിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത അവലോകനയോഗങ്ങളിൽ നൽകാറുമുണ്ട്. കൂടാതെ, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ഓരോ ത്രൈമാസത്തിനു ശേഷവും യോഗം ചേർന്ന് പദ്ധതി പുരോഗതി അവലോകനം നടത്തുകയും ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നൽകാറുണ്ട്. മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച് അവലോകനയോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം; ഇവയ്ക്ക് എത്ര തുക വീതം കേന്ദ്രസഹായം ലഭ്യമാവുന്നുണ്ട്; | (ബി) & (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ നിലവിലുള്ള കേന്ദ്ര പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ